Chief Minister (Sri. T. K. Nararayana Pillai) :

(*a*), (*b*) and (*c*) Orders have been issued to arrange for the payment of salary of this staff. With the transfer of this Palace to the control of His Highness the Maharaja of Cochin, the garden staff attached to the Palace was also considered to have been transferred to the control of the Palace Administration Board. The Board however did not pay them but intimated that the Palace did not require their services. These employees have now been ordered to be attached to the P. W. D. until absorbed in other departments and will be paid temporarily from P. W. D. Suspense Accounts.

ശ്രീ. എ. എം. തോമസ്: എത്രകാലം അവർക്ക് ശമ്പളം കിട്ടാതിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ഒൻപതുമാസത്തോളം കിട്ടാതിരുന്നുവെന്നാണ് അറിവ്.

അഴിമതിക്കും മറ്റും ശിക്ഷിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ

*൨൧. (൨൨) ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയം മറുപടി പറയുമോ.—

(എ) അഴിമതിക്കുറ്റത്തിനും കൈക്കോഴക്കുറ്റത്തിനും നമ്മുടെ ഐക്യ സംസ്ഥാനത്തിൽ വല്ല ഉദ്യോഗസ്ഥന്മാരേയും ശിക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്തെല്ലാം വകുപ്പുകളിൽ; എത്ര ഉദ്യോഗസ്ഥന്മാരെ?

ചീഫ് മിനിസ്റ്റർ (ടി. കെ. നാരായണപിള്ള):

(എ, ബി) ഈ ചോദ്യത്തിനുത്തരം തയ്യാറായിട്ടില്ല.

ഐക്യസംസ്ഥാനത്തെ അളവുകളും തൂക്കങ്ങളും

*൨൨. (൨൩) ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തുള്ള റേഷൻഷാപ്പുകളിലേയും പലചരക്കുപീടികകളിലേയും അളവുപാത്രങ്ങളും കട്ടികളും തമ്മിലുള്ള പരിശോധിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിശോധിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരാണ്;

(സി) ഓരോ സ്ഥലത്തുനിന്നും വാങ്ങുന്ന സാധനങ്ങൾ അളവും തൂക്കവും വ്യത്യസ്തനിലയിൽ ഇരിക്കുന്നതിന്റെ കാരണം എന്താണെന്നു പറയാമോ?

ധനവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) റേഷൻഷാപ്പുകളിലെ അളവുപാത്രങ്ങളും കട്ടികളും പരിശോധിക്കുന്നതിനു നിയുക്തരായ ഉദ്യോഗസ്ഥന്മാർ അതു ചെയ്യാറുണ്ട്.

(ബി) പോലീസ്, റവന്യൂ ഡിപ്പാർട്ട്മെണ്ടുകളിലെ ഉദ്യോഗസ്ഥന്മാർ.

(സി) അങ്ങനെ അളവുകളും തൂക്കങ്ങളും വ്യത്യസ്തരീതിയിൽ ഇരിക്കുന്നതായി ഗവൺമെണ്ടിനറിവില്ല.

ശ്രീ. കെ. എം. കോര: സർക്കാർ പരിശോധിക്കാറ് മുദ്ര ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: മുദ്രവെച്ചുതന്നെയാണ് കൊടുക്കുന്നത്.

ശ്രീ. കെ. എം. കോര: തിരുവനന്തപുരം നഗരത്തിലുള്ള മിക്ക അളവുകളിലും മുദ്രയില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര : അതു് ഇന്നതന്നെ ഒന്നന്വേഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതു വേണ്ടസമയത്തു അന്വേഷിക്കുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : തിരുവിതാംകൂറിലും കൊച്ചിയിലും രണ്ടു തരത്തിലുള്ള അളവുകളാണുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അതു് ഏകീകരിക്കാൻ നടപടി എടുക്കാമോ ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. വർഗ്ഗീസു് അഗസ്റ്റ്യൻ : സക്കാർ അളവുകൊണ്ടു അളക്കുമ്പോൾ നെല്ലു് തൂക്കിയിട്ടു് അളക്കുകയും മറ്റും ചെയ്യുന്നതായിട്ടറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ന്യായരഹിതമായി ഒന്നും ചെയ്യരുതു് എന്നാണു് വ്യവസ്ഥ.

ശ്രീ. എം. ഒ. ചെറിയാൻ: ഒരു പറയിൽ നെല്ലു് ഇത്ര പൊക്കിയിടണമെന്ന വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. കെ. എം. കോര : സക്കാർ പറകൾക്കു മുദ്രയുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സ്റ്റാൻഡേർഡു് പറയ്ക്കു മുദ്രയുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കല്ലുക്കാടൻപറ ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ളതാണോ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശബരിമല സംഭവം

*൨൯. (൨൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശബരിമല ക്ഷേത്രദഹനം സംബന്ധിച്ചുള്ള വിവരങ്ങൾ സാമാന്യമായി ലഭിച്ചിട്ടുണ്ടെന്നും എതാനും ദിവസങ്ങൾക്കുള്ളിൽ അവ പുറത്തുവരുമെന്നും ഗവണ്മെണ്ടിലെ ചില ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽനിന്നും പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ലേ ?

ചീഫ് മിനിസ്റ്റർ (ടി. കെ. നാരായണപിള്ള) : ക്ഷേത്രദഹനം സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ ടി സംഗതിയെപ്പറ്റി ഒരു വിശദീകരണം നൽകുവാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. ആർ ഇലങ്കത്തു് : സർ ഒരു പോയിൻറ് ഓഫ് ഓർഡർ. ഇതു് അന്വേഷണത്തിലിരിക്കയാണെങ്കിലും കഴിഞ്ഞുപോയ ഒരു സംഭവമായതുകൊണ്ടു് ഇതിനു മറുപടി പറയുവാൻ മന്ത്രി ബാദ്ധ്യസ്ഥനാണോ ?

മി. സ്പീക്കർ : മറുപടി പറയുകയോ പറയാതിരിക്കുകയോ ചെയ്യാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : "ശബരിമല ക്ഷേത്രദഹനം സംബന്ധിച്ചുള്ള വിവരങ്ങൾ സാമാന്യമായി ലഭിച്ചിട്ടുണ്ടെന്നും, എതാനും ദിവസങ്ങൾക്കുള്ളിൽ അവ പുറത്തുവരുമെന്നും ഗവണ്മെണ്ടിലെ ചില ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ നിന്നും പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ലേ ? ഈ പ്രസ്താവന പാലിക്കുവാൻ കാലതാമസം വരുത്തുന്നതു സംബന്ധിച്ചു് ഒരു വിശദീകരണം നൽകുവാൻ ഭയമുണ്ടാകുമോ ? " എന്നാണു് ചോദ്യം. ഈ ചോദ്യത്തിനു് ഉത്തരം പറയുവാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട മന്ത്രിക്കില്ലേ ? ഇതും കേസുമായിട്ടു് എന്താണു

LIBRARY ARCHIVES Kerala Legislative Assembly